വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഹോണിന്റെ ശബ്ദപരിധി ഉൾപ്പെടെയുള്ള നിയമ ലംഘനങ്ങൾ പരിശോധിക്കുന്നതിനായി 18 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് വിംഗ് പ്രവർത്തിക്കുന്നുണ്ട്. കൂടാതെ നിയമങ്ങളും ചട്ടങ്ങളും കർശനമായി നടപ്പിൽ വരുത്തുന്നതിന് നാല് മേഖലകളിൽ ഓരോ എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫിസർ വീതം പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞത് കൂടാതെ ഓരോ മേഖലാതല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാരുടെ കീഴിൽ ഓരോ എൻഫോഴ്സ്മെന്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. മാത്രമല്ല ട്രാൻസ്പോർട്ട് കമ്മീഷണറുടെ കീഴിലും ഒരു സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്.

(ബി) പൊതുജനങ്ങൾ നൽകുന്ന പരാതി സ്വീകരിച്ച് വാഹനത്തിന്റെ ഹോണിന്റെ പരിധി പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതിനായി ഓരോ ജില്ലയിലും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസും അതിനുകീഴിലായി വിവിധ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. ഈ ഓഫീസുകളിലെല്ലാം പരാതികളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതിൽ സംവിധാനം ആവശ്യമുള്ളതായി കരുതുന്നില്ല. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പുതുക്കുവാനായി ഹാജരാക്കുന്ന സമയത്തും സാധാരണ വാഹന പരിശോധന സമയത്തും അമിത ശബ്ദമുണ്ടാക്കുന്ന ഹോൺ ഘടിപ്പിച്ചിരിക്കുന്ന വാഹനങ്ങളിൽ നിന്നും അവ നീക്കം ചെയ്യാറുണ്ട്.

ആറന്മുള വിമാനത്താവള പദ്ധതികൾ

14 (*13) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഇ. എസ്. ബിജിമോൾ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ആറന്മുള വിമാനത്താവള പദ്ധതിക്കായി വീണ്ടും പാരിസ്ഥിതിക പഠനം നടത്താൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ കീഴിലുള്ള വിദഗ്ധ സമിതി അനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി സംബന്ധിച്ച് സംസ്ഥാന ഗവൺമെന്റിനോട് എന്തെങ്കിലും വിവരങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആവശ്യപ്പെട്ട വിവരങ്ങൾ, അതിന് നൽകിയ മറുപടി എന്നിവ വ്യക്തമാക്കുമോ ;

(സി) പദ്ധതിയിൽ സംസ്ഥാന സർക്കാർ ഓഹരിയെടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര ശതമാനം ഓഹരിയാണ് എടുത്തിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) :

(എ) ആറന്മുള വിമാനത്താവളത്തിന് ലഭ്യമായ പാരിസ്ഥിതിക അനുമതി ദേശീയ ഹരിത ട്രൈബ്യൂണൽ റദ്ദാക്കിയതിനെ തുടർന്ന് പദ്ധതി നടത്തിപ്പുകാരായ കെ.ജി.എസ്. ഗ്രൂപ്പ് പുതിയ അപേക്ഷ നൽകിയതായും അത് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC)-യുടെ 143-ാമത് യോഗത്തിൽ പരിഗണനക്കുവന്നതായും അറിയുന്നു. ഇത് സംബന്ധിച്ച് കൂടുതൽ വിശദാംശങ്ങൾ ഔദ്യോഗികമായി സംസ്ഥാന സർക്കാരിൽ ലഭ്യമായിട്ടില്ല.

(ബി) ഉണ്ട്. ദേശീയ ഹരിത ട്രൈബ്യൂണൽ ഉന്നയിച്ച പ്രശ്നങ്ങളിന്മേൽ സംസ്ഥാന സർക്കാരിന്റെ നിലപാട് അറിയിക്കണമെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വിദഗ്ധ വിലയിരുത്തൽ സമിതി (EAC) തീരുമാനിച്ചിട്ടുണ്ട്. 22-4-2015-ലെ 4908/ഡി2/2015/ഗതാ നമ്പർ കത്ത് പ്രകാരം കേന്ദ്ര ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയവും മറ്റ് നിയമപരമായ ഏജൻസികളും നിഷ്കർഷിക്കുന്ന എല്ലാ പാരിസ്ഥിതിക നിബന്ധനകളും മറ്റു നിബന്ധനകളും പാലിക്കുകയാണെങ്കിൽ പദ്ധതി അനുവദിക്കാവുന്നതാണെന്നതാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായമെന്ന വിവരമാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തെ അറിയിച്ചത്.

(സി) കെ.ജി.എസ്. ആറന്മുള വിമാനത്താവള കമ്പനിയിൽ 10% ഓഹരി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാർ തീരുമാനിച്ചിരുന്നുവെങ്കിലും ഇതുവരെ സംസ്ഥാന സർക്കാർ ഓഹരി സ്വീകരിക്കുകയോ കമ്പനി ഓഹരി നൽകുകയോ ചെയ്തിട്ടില്ല.

പരിസ്ഥിതി സംരക്ഷണ പദ്ധതികൾ

15 (*14) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. പാലോട് രവി :
ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) പരിസ്ഥിതി സംരക്ഷണത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടോ ;

(ബി) പരിസ്ഥിതി സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പദ്ധതികളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം ;

(ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly